ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ഈ തെരഞ്ഞെടുപ്പ് നടത്തുന്നതു എന്തു മാനദണ്ഡമനുസരിച്ചാണു്? മാനദണ്ഡമെന്നു പറയുന്നതു യോഗ്യതയാണോ? അവരുടെ യോഗ്യത എന്തായിരിക്കണമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: മാനദണ്ഡത്തെപ്പറ്റി കമ്മ്യൂണിസ്റ്റുകാർക്കു നല്ല. 1963 ഡിസംബർ 31—ാംതീയതിവരെ എത്രപേരെ എടുത്തിട്ടുണ്ടെന്നാണു് ചോദ്യം.

ശ്രീ. കെ. ആർ. വിജയൻ: കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റ് അനുസരിച്ചു് 25 പേരും അതിൽ കൂടുതലും തൊഴിലാളികളെ ആവശ്യമുണ്ടെങ്കിൽ അതു് എംപ്ലായ്മെന്റ് എക്സ്ചേഞ്ചു് മുഖാന്തിരം ആയിരിക്കണം എന്നുനിയമം ഉണ്ടായിരിക്കെ അങ്ങനെ അവർ തന്നിട്ടുള്ള ലിസ്റ്റനുസരിച്ചാണോ നിയമനം നടത്തിട്ടുള്ളതു്?

ശ്രീ. എം.പി. ഗോവിന്ദൻനായർ: അതു് ഇപ്പോഴം പറയുവാൻ നിർവാഹമില്ല. എണ്ണൂറുപേരുടെ അപേക്ഷകളിൽ നിന്നും മുന്നൂറുപേരുടെ അപേക്ഷകരം തിരഞ്ഞെടുത്തു് ഇൻറർവ്യൂ നടത്തി നിയമിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ എണ്ണൂറുപേരിൽ എത്രപേർ എംപ്ലായ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുവന്നിട്ടുള്ളവരാണെന്നുള്ളതു പരിശോധിച്ചിട്ടില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ: ചവായിലുള്ള ഫാക്ടറിയിൽ ജോലി ചെയ്തിരുന്നവരും പിരിച്ചുവിട്ടിട്ടുള്ളവരുമായിട്ടുള്ളവരെ ഈകൂട്ടത്തിൽ നിയമിച്ചിട്ടില്ലാ എന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ട്രേഡ്യൂണിയൻ നിയമപ്രകാരംതന്നെ അവർക്കുകിട്ടേണ്ട അവകാശങ്ങം അനുവദിച്ചുകൊടുക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: മുമ്പു ജോലിചെയ്തിട്ടുള്ളവരെ 29 പേരെ ആദ്യമേ തെരഞ്ഞെടുത്തതിനുശേഷമേ പുറത്തുനിന്നും മറു ആളുകളെ എടുത്തിട്ടുള്ളു.

ശ്രീ. എം. എം. സുന്ദരം: അങ്ങനെ ഉദ്യോഗസ്ഥന്മാരെ എടുക്കുമ്പോം അതിനു എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റു് വാങ്ങിച്ചു അതിനകത്തുനിന്നുമാണോ നിയമനം നടത്തിട്ടുള്ളതു് ; അങ്ങനെ ലിസ്റ്റു് വാങ്ങിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ലിസ്റ്റു വാങ്ങിച്ചിട്ടുണ്ടോ അതല്ല ആപ്ലിക്കേഷൻ കാംഫാർചെയ്യോ എന്നുള്ളതിനെക്കുറിച്ചു ഇപ്പോഴം മറുപടി പറയാൻ നിവൃത്തിയില്ല. അതിനെക്കുറിച്ചു കിട്ടിയ വിവരങ്ങം വച്ചുകൊണ്ടു മറുപടി പറഞ്ഞു. അവരെല്ലാം എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നു കൃത്യമായി പറയുന്നതിനു നിവൃത്തിയില്ല. എന്തെങ്കിലും ക്രമവിരുദ്ധമായിട്ടുണ്ടായിട്ടുണ്ടെങ്കിൽ മാവിയിൽ അതുണ്ടാകാതെയിരിക്കാൻ ആവശ്യമെന്നുകണ്ടാൽ നിർദ്ദേശം കൊടുക്കാം.

സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പള നിയന്ത്രണം.

* 428. [15] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങംക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പ്രൈമറി എയിഡഡ് സ്കൂളുകളിലും സെക്കൻഡറി സ്കൂളുകളിലും എത്ര അദ്ധ്യാപകന്മാരുണ്ടു്;

(ബി) അവരിൽ എത്രപേരുടെ ശമ്പളനിർണ്ണയം പൂർത്തിയായി; എത്രപേരുടെ ബാക്കിയുണ്ടു്;

(സി) ശമ്പളനിർണ്ണയം പൂർത്തിയാകാത്തവരുടെ കാര്യത്തിൽ ഗവണ്മെൻറു എന്തു നടപടിയാണു് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതു്;

(ഡി) എന്നേക്കു് അവരുടെ ശമ്പളനിർണ്ണയം പൂർത്തിയാകും?

LIBRARY ARCHIVES Kerala Legislative Assembly

(ഈ) ശമ്പള നിർണ്ണയം പൂർത്തിയായവരിൽ എത്ര പേർക്ക് കടിശ്ശിക ശമ്പളം കൊടുത്തു;

(എഫ്) എത്രപേർക്ക് കൊടുപ്പാൻ ബാക്കിയുണ്ട്;

(ജി) അക്കാര്യത്തിൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: സർ, പായിൻറ് ആഫ് ആർഡർ. പല ചോദ്യങ്ങൾക്കും 'വിവരം ശേഖരിച്ചുവരുന്നു' എന്ന ഉത്തരം നൽകാറുണ്ട്. പത്തു ദിവസംമുൻപേയാണ് ചോദ്യങ്ങൾ ചോദിക്കുന്നതു്. പാർലമെൻറിൽ, ശ്രീ. അനന്തശയനം അയ്യങ്കാർ സ്പീക്കറായിരിക്കുമ്പോൾ ഇങ്ങനെയുള്ള മറുപടി ശരിയല്ലെന്ന ഒരു റൂളിംഗുണ്ടായിട്ടുണ്ട്. അതുപോലെ ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് തന്നാൽകൊള്ളാം.

മി. സ്പീക്കർ: പത്തു ദിവസത്തെ സമയംകൊണ്ടും വിവരം ശേഖരിക്കാൻ സാധിക്കുന്നില്ലെങ്കിൽ എന്തുചെയ്യും; ആ വസ്തുതയാണ് പറഞ്ഞതു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: അങ്ങനെ പറയുന്നതു് ശരിയല്ല, വിവരം മുൻകൂട്ടിവാങ്ങണം.

മി. സ്പീക്കർ: വസ്തുത അതാണെങ്കിൽ, അതു ശരിയല്ലെന്നു എങ്ങനെ പറയും?

ശ്രീ. എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ഈ പ്രശ്നത്തെ സമീപിക്കുന്നതെങ്കിൽ എനിക്കൊന്നും പറയാനില്ല. പക്ഷേ, ഇന്നു് ശമ്പള നിർണ്ണയം കഴിഞ്ഞിട്ടില്ലാത്തതിനു് ഡി. ഇ. ഓ. മാർക്കു ഹർജി കൊടുക്കുമ്പോഴും, രണ്ടാമതു ഒരു കല്പന കിട്ടുന്നതുവരെ യാതൊരു ഹർജിയും സ്വീകരിക്കുകയില്ല, ഹർജി സമർപ്പിക്കേണ്ടതില്ല എന്നു പറഞ്ഞു മടക്കി അയയ്ക്കുന്ന വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അങ്ങനെ വല്ല നിർദ്ദേശവും ഗവണ്മെൻറു നൽകിയിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെൻറു അങ്ങനെ നിർദ്ദേശമൊന്നും നൽകിയിട്ടില്ല. ലാഘവ ബുദ്ധിയോടുകൂടിയാണ് ഈ കാര്യത്തെ സംബന്ധിച്ച സമീപനം എന്നു പറയുന്നതു് ശരിയല്ല. വളരെയധികം വിവരങ്ങൾ അറിയാനുണ്ട്. അതെല്ലാം ശേഖരിച്ചെടുക്കാൻ കുറെ കാലതാമസം നേരിടും. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനു് 20 ഡി. ഇ. ഓ. മാരിൽനിന്നു വിവരം അറിയേണ്ടതുണ്ട്. സാധാരണ കുറേ കാലതാമസം വരും. ഈ ഡിപ്പാർട്ടുമെൻറിൽതന്നെ മറ്റു പലതിനും കാലതാമസം ഉണ്ടെന്നു പറയാറുണ്ട്. ഈ വിവരം ശേഖരിക്കാൻ കൂടുതൽ കാലതാമസം സ്വാഭാവികമായി ഉണ്ടാകും. പല പ്രാവശ്യം റിമൈൻഡർ അയച്ചതിനുശേഷവും വിവരം കിട്ടിയില്ല; ആ വിവരം ഇവിടെ പറഞ്ഞതാണ്.

ഫോറസ്റ്റ് മരംവെട്ടി-പർപ്പസ് സഹകരണസംഘം.

* 429. [16] ശ്രീ. എം. സി ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമ വകുപ്പുമന്ത്രി സഭയ്ക്കു മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ നന്മയ്ക്കുവേണ്ടി ഏതെങ്കിലും ഫോറസ്റ്റ് മരംവെട്ടി-പർപ്പസ് സഹകരണസംഘം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(സി) ഈ സംഘങ്ങൾക്കു് വായ്പകൾ കൊടുത്തിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഇല്ല.

(ബി, സി.) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly